# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5555 24.05.2017 ൽ മറുപടിയ്ക്ക്

## നങ്ങ്യാർകുളങ്ങരയിൽ ജലജസുരൻ എന്ന വീട്ടമ്മയുടെ കൊലപാതകം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.അനിൽ അക്കര | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) ഹരിപ്പാട് നങ്ങ്യാർകുളങ്ങര പാലമൂട് തെക്കുഭാഗത്ത് ഭാരതിവീട്ടിൽ ജലജ സുരൻ എന്ന വീട്ടമ്മയുടെ കൊലപാതകം സംബന്ധിച്ച അന്വേഷണം എത് ഘട്ടത്തിലാണ്; | (എ) ഹരിപ്പാട് നങ്ങ്യാർകുളങ്ങര പാലമൂട് തെക്കുഭാഗത്ത് ഭാരതിവീട്ടിൽ ജലജ സുരൻ എന്ന വീട്ടമ്മയുടെ കൊലപാതകം സംബന്ധിച്ച് ഭർത്താവായ ശ്രീ.സുരന്റെ പരാതിയിന്മേൽ കരിയിലക്കുളങ്ങര പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1204/15 u/s 449, 302 & 392 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസ് പി.എച്ച്.ക്യു. ഉത്തരവ് നമ്പർ 2/155642/15 dated 01/10/2015 പ്രകാരം ക്രൈംബ്രാഞ്ചിന് കൈമാറിയിട്ടുള്ളതാകുന്നു. തുടർന്ന് പ്രസ്തുത കേസ് CBCID Crime No. 107/CR/HHW-I/TVM 2015 എന്ന് റീ-നമ്പർ ചെയ്ത് കേസിന്റെ അന്വേഷണത്തിന് വേണ്ടി എസ്.പി., സി.ബി.സി.ഐ.ഡി. കോട്ടയത്തിന്റെ നേതൃത്വത്തിൽ ലോക്കൽ പോലീസിലെ 4 ഉദ്യോഗസ്ഥരെ കൂടെ ഉൾപ്പെടുത്തി 24 പേരടങ്ങുന്ന ഒരു Special Investigation Team രൂപീകരിച്ച് അന്വേഷണം കാര്യക്ഷമമായി നടത്തി വരുന്നു. |
| (ബി) ഈ കേസിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്; | (ബി) നാളിതുവരെയുള്ള അന്വേഷണത്തിൽ കേസിലെ പ്രതികളെ തിരിച്ചറിഞ്ഞ് അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. പ്രതികളെ കണ്ടെത്തുന്നതിന് ആവശ്യമായ വിവരങ്ങൾ നൽകുന്നവർക്ക് 2 ലക്ഷം രൂപ പാരിതോഷികം പ്രഖ്യാപിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) ക്രൈംബ്രാഞ്ച് അന്വേഷണത്തിൽ എന്തെങ്കിലും വീഴ്ച സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) ക്രൈംബ്രാഞ്ച് അന്വേഷണത്തിൽ എന്തെങ്കിലും വീഴ്ച സംഭവിച്ചതായി കണ്ടെത്തിയിട്ടില്ല. |
| (ഡി) ഈ കേസ് ഏറ്റെടുക്കുന്നതിന് സി.ബി.ഐ. യോട് സർക്കാർ വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ഡി) ഒരിക്കൽ സി.ബി.ഐ. നിരാകരിച്ച സംഗതിയിൽ വീണ്ടും അന്വേഷണം ആവശ്യപ്പെടാവുന്ന രീതിയിലുള്ള അധിക വിവരങ്ങളൊന്നും സർക്കാരിന്റെ പക്കൽ ലഭ്യമല്ലാത്തതിനാൽ അപ്രകാരം ആവശ്യപ്പെട്ടിട്ടില്ല. |
| (ഇ) സി.ബി.ഐ. അന്വേഷണം ഏറ്റെടുത്തില്ലെങ്കിൽ കുറ്റാന്വേഷണത്തിൽ പ്രാഗൽഭ്യം തെളിയിച്ച സമർത്ഥരായ പോലീസുദ്യോഗസ്ഥരെ കൊണ്ട് ഈ കേസ് അന്വേഷിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) ഈ കേസിന്റെ അന്വേഷണം നിലവിൽ ക്രൈംബ്രാഞ്ച് എച്ച്.എച്ച്.ഡബ്ല്യു-2 വിഭാഗം പോലീസ് സൂപ്രണ്ട് ശ്രീ.കെ.സുദർശന്റെ മേൽനോട്ടത്തിൽ, ക്രൈംബ്രാഞ്ച് എച്ച്.എച്ച്.ഡബ്ല്യു/2 ഡി.വൈ.എസ്.പി. ശ്രീ.കെ.സി.ബാബുരാജിന്റെ നേതൃത്വത്തിൽ 24 പേരടങ്ങുന്ന ഒരു Special Investigation Team നടത്തി വരുന്നു. |

[signature]

സെക്ഷൻ ഓഫീസർ.